LIBRARY ARCHIVES Kerala Legislative Assembly

വയോജന വിദ്യാഭ്യാസം

*ക ൦ ൭൨. (൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരു–കൊച്ചി സ്റ്റേറ്റിൽ വയോജന വിദ്യാഭ്യാസം നടത്തുന്നതു സംബന്ധിച്ചു് ഗവൺമെണ്ടിനു് എന്തെങ്കിലും ഒരു പദ്ധതിയുണ്ടോ, ഉണ്ടെങ്കിൽ അതു എന്താണു്;

(ബി) തിരു–കൊച്ചി സംസ്ഥാനത്തു് ഇപ്പോൾ വയോജന വിദ്യാലയങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ എത്ര; എവിടെയെല്ലാം;

(സി) പ്രൈവറ്റു് ഏജൻസികൾ വയോജന വിദ്യാലയം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര;

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്. ഒരു വയോജനവിദ്യാഭ്യാസ ബോർഡു് രൂപീകരിക്കുകയും, ബോർഡിന്റെ നിർദ്ദേശങ്ങളനുസരിച്ചു് പദ്ധതി ആസൂത്രണം ചെയ്യുകയും ഉണ്ടായിട്ടുണ്ടു്. ഇതിന്റെ ആദ്യത്തെ പടിയായി വയോജന വിദ്യാഭ്യാസപ്രവർത്തകർക്കു് ഒരു പരിശീലന കേന്ദ്രം തിരുവനന്തപുരത്തു് ആരംഭിച്ചിട്ടുണ്ടു്. പരിശീലനം സിദ്ധിച്ചതിനുശേഷം അവർ രാജ്യത്തിന്റെ നാനാഭാഗത്തും വയോജന വിദ്യാലയങ്ങൾ ആരംഭിക്കുന്നതാണു്.

(ബി) വയോജന വിദ്യാലയമെന്ന പേരിൽ നടത്തുന്ന സ്ഥാപനങ്ങൾ ഇല്ല. എന്നാൽ മുഖ്യമായും വയോജനങ്ങളെ ഉദ്ദേശിച്ചു് പഞ്ചായത്തു് ഡിപ്പാർട്ടുമെണ്ടിന്റെ കീഴിൽ ഒന്നു–, ഹരിജനോദ്ധാരണ ഡിപ്പാർട്ടുമെണ്ടിന്റെ കീഴിൽ ക ൦ ൦–ം നിശാപാഠശാലകൾ നടത്തിവരുന്നുണ്ടു്.

(സി) ഗവൺമെണ്ടിനു് അറിവില്ല.

നിലക്കടലപിണ്ണാക്കു് നിർമ്മിക്കുന്നതിനായി കമ്പനി

*ക ൦ ൭൩. (൩൩) സാഹിബു് ബഹദൂർ വി. ചേലാടിറാവുത്തർ: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട സപ്ലൈസു് വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ചിറയൻകീഴ് താലൂക്കിൽ നിലക്കടലപിണ്ണാക്കു് നിർമ്മിക്കുന്നതിനായി ഒരു കമ്പനി പുതുതായി തുടങ്ങിയിട്ടുണ്ടോ;

(ബി) ആ കമ്പനിക്കു് വല്ല ധനസഹായവും ചെയ്തു കൊടുപ്പാൻ ഗവൺമെണ്ടിൽനിന്നും തീരുമാനിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ഉണ്ടു്.

(ബി) കമ്പനിക്കു് ധനസഹായം ചെയ്യുന്നകാര്യം ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നതേയുള്ളൂ.

Questions posted for answer on 14th March 1951

AREA UNDER CULTIVATION

*1074. [7] **Sri. K. Ramachandran:** Will the Hon'ble Chief Minister be pleased to state.—

(a) the area under (*i*) sugar cultivation, (*ii*) jute cultivation, (*iii*) mulberry cultivation.

Questions posted for answer on 14th March 1951—(*cont.*)

(*b*) the scope of jute cultivation in the State and how it compares in quality with that of the rest of India.

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) (*i*) 10,496—18 acres.

(*ii*) In 1947—400 acres
in 1950—800 acres.

(*iii*) About 18 acres.

(*b*) The cultivation of Jute was tried in the years 1949 over an area of 400 acres and in 1950 over an area of 800 acres. The quantity produced in 1949 was only 200 maunds. But the quality of the fibre was very good. In the year 1950 the cultivation was a failure. Owing to the consecutive failure of cultivation in the first 2 years and the necessity for concentrating all the efforts for food production in the State the cultivation is not undertaken in 1951.

ഭക്ഷ്യാല്പാദന വികസനം

*൧൦൭. (൨൩) ശ്രീ റാഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) സ്റ്റേറ്റ് ഗവണ്മെൻറിന്റെ ഭക്ഷ്യാല്പാദന വികസന പദ്ധതികളിൽ നെല്ലിനു പുറമെ ഏതെല്ലാം ഭക്ഷ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) മേൽപറഞ്ഞ ഓരോന്നിന്റെയും ഉല്പാദനവർദ്ധനവിനു് അനുസൃതം ചെയ്തിട്ടുള്ള പദ്ധതികൾ എന്തു്;

(സി) ഓരോ പദ്ധതിയുടേയും പ്രവർത്തനം എന്തുമാത്രം പുരോഗമിച്ചിട്ടുണ്ടു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കപ്പ, മലക്കറി, മത്സ്യം മുതലായവ.

(ബി) വണ്ടൻമേട്ടു്, കുന്നത്തുകാൽ തുടങ്ങിയ റിക്ലമേഷൻ പദ്ധതികളിലുൾപ്പെട്ട സ്ഥലങ്ങളിലും കൃഷിവികസന പദ്ധതിയനുസരിച്ചു് കുത്തകപ്പാട്ടം കൊടുത്തിട്ടുള്ള സ്ഥലങ്ങളിലും, കപ്പ, സസ്യവർഗ്ഗം മുതലായവ കൃഷിചെയ്യുന്നതിനു് വേണ്ട സൗകര്യം നല്കിയിട്ടുണ്ടു്. കപ്പ കൃഷി മത്സരത്തിനു് ഏതാനും ചട്ടങ്ങളും രൂപവല്ക്കരിച്ചിട്ടുണ്ടു്. കൂടാതെ മത്സ്യം, സുലഭമായി ലഭ്യമാക്കുന്നതിനുള്ള ചില പദ്ധതികളും ൧൯൫൨-ൽ നടപ്പിൽ വരുത്തുവാനായി അനുസൃതം ചെയ്യപ്പെട്ടിട്ടുണ്ടു്. വിശദവിവരങ്ങൾക്കു്, ഭക്ഷ്യാല്പാദനബോർഡിന്റെ "ഭക്ഷ്യാല്പാദനപ്രസ്ഥാനം—പ്രവർത്തനങ്ങളും പരിപാടികളും" എന്ന പ്രസിദ്ധീകരണത്തിലേക്കു് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

(സി) പദ്ധതികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണു്. കപ്പ, സസ്യം മുതലായ കൃഷികളിൽ സാരമായ വർദ്ധനവു് ഉണ്ടായിട്ടുണ്ടു്. വർദ്ധനവു് എത്രത്തോളമാണെന്നു് നിശ്ചിതമായി കണക്കാക്കപ്പെട്ടിട്ടില്ല.

നിയമവിരുദ്ധ നടപടി

*൧൦൭൮. (൨൨) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) സ്വദേശത്തിനും ഭാര്യാവീടിനും ൫ മൈലകലെയല്ലാതെ ഒരു പോലീസ് ഉദ്യോഗസ്ഥനെയും നിയമിക്കാൻ പാടില്ലെന്ന സർക്കുലറിനെതിരായി എത്ര പോലീസ് സ്റ്റേഷനുകളിൽ നിയമനങ്ങൾ ഉണ്ടായിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly